സ്മൃതിരേഖകൾ

■ പന്മന രാമചന്ദ്രൻ നായർ

# 'ഗുപ്തൻ മാഷിന്റെ' നഗരം ചുറ്റൽ

## അദ്ധ്യാപക ജീവിതത്തിലെ കൗതുകകരമായ അനുഭവങ്ങൾ

തിരുവനന്തപുരം വിട്ടുള്ള തന്റെ അദ്ധ്യാപകവൃത്തിയിൽ ആറുകൊല്ലത്തെ 'വിക്ടോറിയാ'ജീവിതമാണ് ഏറ്റവും സ്മരണീയമെന്നു ഗുപ്തൻ നായർസാർ പറഞ്ഞിട്ടുണ്ട്. സാറിനു ക്ലാസ്സില്ലാത്തപ്പോൾ അദ്ദേഹത്തിന്റെ മുറിയിൽ ഞങ്ങൾ മലയാള വിഭാഗക്കാരെക്കൂടാതെ ഹിസ്റ്ററി പ്രൊഫസർ ഈശ്വരപിള്ളസ്സാർ, ഇംഗ്ലീഷിലെ കെ. ശ്രീധരൻ നായർ, ആർ. രാമചന്ദ്രൻ നായർ തുടങ്ങി പലരും ഒത്തുകൂടിയിരുന്നു. രണ്ടുമൂന്നുപേരെങ്കിലും തീർച്ചയായും കാണും. സാറിന്റെ സംഭാഷണം ആസ്വദിക്കുകയാണ് എല്ലാവരുടെയും ലക്ഷ്യം. വിഷയം പഴയ ആർട്സ് കോളജിലെ ചങ്ങമ്പുഴയുമൊത്തുള്ള വിദ്യാർത്ഥിജീവിതാനുഭവം ആകാം, വ്യക്തിസ്മരണയാവാം; സ്ഥലപുരാണമാവാം; ഏതെങ്കിലും ആങ്ഗലപദത്തിന് ഡാനിയൽ ജോൺസ് നൽകിയിട്ടുള്ള ഉച്ചാരണമാവാം. ഏതു വിഷയമായാലും ആ സരസഭാഷണം കേട്ടിരിക്കുക ആഹ്ലാദകരമായ അനുഭവം തന്നെ. പൗരസ്ത്യ-പാശ്ചാത്യ സാഹിത്യനിരൂപണങ്ങളുടെ താരതമ്യം വിഷയമാക്കി ഇംഗ്ലീഷ് എം.എ. വിദ്യാർത്ഥികൾക്കുവേണ്ടി സാർ എടുത്തിരുന്ന ക്ലാസ്സുകൾ ഇംഗ്ലീഷ് അദ്ധ്യാപകരും വളരെ താല്പര്യത്തോടെ ശ്രദ്ധിച്ചിരുന്നു.

ശരീരഘടനകൊണ്ടെന്നപോലെ ശബ്ദംകൊണ്ടും, അവശനെന്നോ രോഗിയെന്നോ തെറ്റിദ്ധാരണ ഉളവാക്കുന്ന 'ജൂബാ-മുണ്ടു'കാരനായ 'ഗുപ്തൻ മാഷ്' കോളേജ് അങ്കണത്തിലെ കോർട്ടിൽ ടെന്നിസ് കളിക്കുന്നതും, ഏറെനേരം കളിച്ചിട്ടും ഏറെയൊന്നും വിയർക്കാതെ നിൽക്കുന്നതുമായ കാഴ്ച വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഒന്നുപോലെ വിസ്മയിപ്പിച്ചിരുന്നു. മീറ്റിങ്ങൊന്നുമില്ലാത്ത സായാഹ്നങ്ങളിൽ ഞങ്ങൾ ഏഴെട്ടു യുവാദ്ധ്യാപകർ സാറിന്റെ പിന്നാലെ ചേർന്ന് നടത്തിയിരുന്ന നഗരംചുറ്റൽ സ്ഥലവാസികളാകെ ശ്രദ്ധിച്ചിരുന്ന ഒരു പരിപാടിയാണ്. വഴിക്കൊരു ഹോട്ടലിൽ ഒരു സംഘാംഗത്തിന്റെ വക കാപ്പിസത്കാരവും പതിവായിരുന്നു. പാലക്കാട്ട് ഗാന്ധിബസാറിലെ പല പ്രധാനപ്പെട്ട കച്ചവടക്കാരും 'ഗുപ്തൻ' എന്ന സമുദായക്കാരാണ്. ഗുപ്തൻ നായർ സാറിനെക്കാണുമ്പോൾ ചിലർ ചിരിച്ചുകൊണ്ട് അടുത്തുവന്നു തൊഴുന്നത് 'സ്വജാതി'യാണെന്ന ചിന്തകൊണ്ടാണെന്ന് എസ്.ജി. പിള്ള പറഞ്ഞിരുന്നു, സാർ കേൾക്കാതെ –എന്ന ഭാവത്തിലും, എന്നാൽ സാർ കേൾക്കെയും.

എസ്. ഗുപ്തൻ നായർ



ജില്ലയിലെ ഗ്രന്ഥശാലാവാർഷികങ്ങളുൾപ്പെടെയുള്ള മിക്ക മുഖ്യസമ്മേളനങ്ങൾക്കും ഗുപ്തൻ നായർ സാർ ക്ഷണിക്കപ്പെട്ടിരുന്നു. 'സഹവാസി'യായതിനാൽ കൂട്ടിനുവേണ്ടി എന്നെയും സാർ പ്രഭാഷകനാക്കും. എവിടെച്ചെന്നാലും ചില പഴയ സുഹൃത്തുക്കൾ സാറിനെ അന്വേഷിച്ചെത്തിയിരുന്നു. ഓരോ ആളിനോടും സാർ തെളിഞ്ഞ ഓർമ്മയോടെ തികച്ചും പ്രസക്തമായ കുശലപ്രശ്നം നടത്തും. അതിനു സാക്ഷ്യംവഹിക്കുകതന്നെ ഒരു രസമാണ്. ഉത്തരകേരളത്തിൽ ഇത്രയേറെ സുഹൃത്തുക്കളുള്ള മറ്റൊരു സാഹിത്യകാരൻ ദക്ഷിണകേരളത്തിൽ ഉണ്ടായിട്ടില്ല.

ഒരിക്കൽ രണ്ടുപേർ സാറിനെ സമ്മേളനത്തിനു ക്ഷണിക്കാൻ വന്ന

രംഗം ഓർക്കുന്നു. ഒരു കലാസമിതിയുടെയോ മറ്റോ യോഗമാണ്. അന്നു സൗകര്യപ്പെടുകയില്ല എന്ന് സാർ അവരെ അറിയിച്ചു. അപ്പോൾ ഒരാൾ പറഞ്ഞു: "സാർ, ഞങ്ങൾ കാറു കൊണ്ടുവരാം."

"ഓഹോ! നിങ്ങൾ കാറു കൊണ്ടു വരുമോ?"

"കൊണ്ടുവരും സാർ"

"എനിക്കു പക്ഷേ, ഇയ്യിടെ, നടന്നു പോയി പ്രസംഗിക്കുന്നതാണിഷ്ടം! ഉം! ശരി."

തന്റെ ഇഷ്ടക്കേടു മുഴുവൻ അദ്ദേഹം ഈ വാക്കുകളിലൊതുക്കി.

## പരീക്ഷാ സ്മരണകൾ

പരീക്ഷ എന്ന സങ്കല്പവുമായി ബന്ധപ്പെട്ടുള്ള എന്റെ എല്ലാ സ്മരണകൾക്കും അടിസ്ഥാനമായിത്തീർന്ന ആദ്യാനുഭവം 1950-ൽ എന്റെ ഇ.എസ്.എൽ.സി. പരീക്ഷയുടെ മാർക്കു പിശകിയതാണ്. അന്ന് ഹൈസ്കൂളിൽ 'ഓപ്ഷനൽ സിസ്റ്റം' ആയിരുന്നു. അതിൻെറ ആദ്യ പരീക്ഷ 1949-ൽ നടന്നു. കണക്ക്, ഫിസിക്സ്, കെമിസ്ട്രി- ഇവ ഉൾപ്പെടുന്ന ഫസ്റ്റ് ഗ്രൂപ്പിലാണ് ഞാൻ പഠിച്ചത്. പരീക്ഷാഫലം വന്നു. അടുത്തയാഴ്ച സർട്ടിഫിക്കറ്റുബുക്കും വന്നു. അതിൽ കണക്കിന്റെ ഫസ്റ്റ് പേപ്പറിന് ഒൻപത് മാർക്കായിരുന്നു. ഒറ്റയക്കമാണ് എന്നു കാണിക്കാൻവേണ്ടി ഇരുവശത്തും കുറുകെ ചെമന്ന വരയും ഉണ്ടായിരുന്നു. ഇതു കണ്ട ഹെഡ്മാസ്റ്റർക്കും എന്റെ കണക്കദ്ധ്യാപകനായ കൊച്ചുതമ്പാൻ സാറിനും മറ്റദ്ധ്യാപകർക്കും തീർച്ചയായി, പിശകുപറ്റിയതു തന്നെയെന്ന്. ആ പേപ്പറിനു മുഴുവൻ മാർക്കും കിട്ടുമെന്ന് പരീക്ഷ കഴിഞ്ഞ ദിവസം തന്നെ ഞാൻ ഇവരോടെല്ലാം പറഞ്ഞിരുന്നു. ഏതായാലും അതോടെ ഞാൻ പനിപിടിച്ചു കിടപ്പായി.

എന്റെ അല്പം അകന്ന ഒരമ്മാവൻ കെ.പി.ശാസ്ത്രികൾ അവിടെ മലയാളം അദ്ധ്യാപകനായിരുന്നു. അദ്ദേഹം തിരുവനന്തപുരത്തുപോയി 'സ്ക്രൂട്ടിനി'ക്ക് അപേക്ഷ നല്കി. പേപ്പർ വീണ്ടും പരിശോധിക്കുന്നതിന്റെ ആദ്യപടി 'സ്ക്രൂട്ടിനി'യാണ്. എന്നുവച്ചാൽ, ഏതെങ്കിലും ചോദ്യത്തിനു മാർക്കിടാൻ വിട്ടുപോയോ? ആകെ മാർക്കു കൂട്ടിയതിൽ തെറ്റുണ്ടോ? -എന്നെല്ലാം പരിശോധിക്കുക. തിരുവനന്തപുരത്ത് വിദ്യാഭ്യാസ ഡയറക്ടറാഫീസിൽ വരുത്തിയ പേപ്പർ കണ്ടപ്പോഴേ അവർക്കു വ്യക്തമായി, 'അൻപത്' എന്ന മാർക്ക് പറഞ്ഞുകേട്ട് എഴുതിയപ്പോൾ 'ഒൻപത്' ആയിപ്പോയതാണെന്ന്. ഉത്തരക്കടലാസിൽ 'അൻപത്' എന്നു തന്നെ കൂട്ടി എഴുതിയിട്ടുണ്ടായിരുന്നു. ചുകന്ന മഷി കൊണ്ടു തിരുത്തിയ സർട്ടിഫിക്കറ്റു ബുക്കിൽ ഒപ്പിട്ടത്, ഇതിനിടയിൽ പുതുതായി വന്ന ഡയറക്ടറായിരുന്നു. അതുകൊണ്ട് രണ്ടാഴ്ച കഴിഞ്ഞു മടക്കിക്കിട്ടിയ ഈ.എസ്.എൽ.സി. ബുക്കിൽ രണ്ടു ഡയറക്ടർമാരുടെ ഒപ്പുണ്ട്. എന്റെ പനി വേഗം ശമിക്കുകയും ചെയ്തു.


കെ.പി.ശാസ്ത്രികൾ

●

ഈ സംഭവം എന്റെ മനസ്സിൽ എത്ര ആഴത്തിൽ പതിഞ്ഞിട്ടുണ്ടാവും എന്നത് പറയേണ്ടല്ലോ. ഞാൻ സർവകലാശാലകളുടെയും സർവീസ് കമ്മീഷനുകളുടെയും ഉൾപ്പെടെ എത്രയെത്ര പരീക്ഷക്കടലാസുകൾ നോക്കിയിരിക്കുന്നു! എനിക്ക് എത്രയേറെ അസൗകര്യങ്ങളുണ്ടായാലും, ഒരു പേപ്പർപോലും മറ്റൊരാൾ എനിക്കുവേണ്ടി നോക്കിയിട്ടില്ല. പേപ്പർ നോക്കിക്കഴിഞ്ഞിട്ട് ഒടുവിൽ മാർക്കു കൂട്ടി (അതിൽത്തന്നെ) എഴുതുന്നതും ഞാൻ തന്നെയാണ്. മനക്കണക്കുകൊണ്ടു വേഗം കൂട്ടിയെഴുതുന്നതിൽ എനിക്കു തെറ്റുവരുകയില്ലെന്നാണ് ഭാര്യയുടെയും മക്കളുടെയും സാക്ഷ്യപത്രം. എന്നാലും, ഞാൻ അവരെക്കൊണ്ടുകൂടി കൂട്ടിനോക്കിക്കാറുണ്ട്. മാർക്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ അവരുടെ സഹായം പതിവായി സ്വീകരിച്ചിരുന്നു. ഞാൻ ലിസ്റ്റ് എഴുതുന്നതിന്റെ ഇടതുവശത്ത് പരീക്ഷക്കടലാസു വച്ചിട്ട് അതിൽനോക്കി മാർക്കു പകർത്തുന്നു. ഓരോന്നും പകർത്തിക്കഴിഞ്ഞാലുടൻ മറ്റാരെങ്കിലും പേപ്പർ എടുത്തുമാറ്റി വേറെ കമഴ്ത്തി അടുക്കും. ഏതെങ്കിലും പേപ്പർ ചേർന്നിരുന്നുപോയാൽ ക്രമനമ്പർ മാറുമല്ലോ. അതിനാൽ അപ്പോൾത്തന്നെ അതു കണ്ടുപിടിക്കാം.

പരീക്ഷ സംബന്ധിച്ച് എത്രയോ വൈവിധ്യമാർന്ന അനുഭവങ്ങളുണ്ട് - വെളിപ്പെടുത്താവുന്നവയും അല്ലാത്തവയുമായിട്ട്. ചിലതുമാത്രമേ എഴുതാൻ കഴിയൂ.

●

ഞാൻ സർവകലാശാല പരീക്ഷയുടെ ഉത്തരക്കടലാസ് ആദ്യമായി നോക്കുകയാണ്. അന്ന് കേരളസർവകലാശാല മാത്രമേയുള്ളൂ. പ്രീഡിഗ്രി-മലയാളം. മന്മഥൻ സാർ ചെയർമാൻ. ചെയർമാന്റെ കീഴിൽ ചീഫ് എക്സാമിനർമാരെക്കൂടാതെ രണ്ടുമൂന്ന് അഡീഷനൽ എക്സാമിനർമാരും ഉണ്ടാകും. ഞാനന്ന് ചിറ്റൂർ ഗവൺമെന്റ് കോളേജിലാണ്. എന്നെ സാറിന്റെ കൂടെ ഇട്ടാൽ സൗകര്യമായിരിക്കുമെന്നു ഞാൻ എഴുതിയതനുസരിച്ച് അദ്ദേഹം അങ്ങനെ ചെയ്തു. അവധിക്കാലമായതുകൊണ്ട് പന്മനയിലെ വീട്ടിലിരുന്നു പേപ്പർ നോക്കാം. തിരുവനന്തപുരത്തു ചെയർമാന്റെ വീട്ടിൽച്ചെന്നു നേരിട്ടു പേപ്പർ തിരിച്ചേല്പിക്കുകയും ചെയ്യാം. ഞാൻ ആദ്യം നോക്കിയ ഒരു കെട്ടു കടലാസുമായി കേശവദാസപുരത്ത് മഹാത്മാഗാന്ധി കോളജ് പ്രിൻസിപ്പലിന്റെ ക്വാർട്ടേഴ്സിലെത്തി. ആ രംഗം ഞാൻ വ്യക്തമായോർക്കുന്നു. മുൻപിലത്തെ വലിയ ഹാളിന്റെ നടുവിൽ ചാരുകസേരയിലിരുന്ന് മന്മഥൻ സാർ ഉത്തരക്കടലാസു നോക്കുകയാണ്. ഇടതുവശത്ത് ചെറിയ കോളാമ്പി. സ്റ്റൂളിൽ തൊട്ടടുത്തു മുറുക്കാൻ ചെല്ലം. ഭിത്തിയോടു ചേർന്നു നിരത്തിയിട്ടുള്ള കസേരകളിൽ രണ്ടുപേർ വലതുവശത്തിരിക്കുന്നു. അദ്ദേഹം അവരുമായുള്ള സംഭാഷണത്തിനിടയിൽ ചിരിക്കുന്നു; ചിരിപ്പിക്കുന്നു. എന്നെക്കണ്ട ഉടനെ സാർ "വരണം, വരണം, ഇരിക്കണം" എന്നു പറഞ്ഞുകൊണ്ട് ഒരു കസേര ചൂണ്ടിക്കാണിച്ചു.

"ഇതു യുവകവിയും നിരൂപകനുമായ പന്മന രാമചന്ദ്രൻ". എന്ന് അവിടെ ഇരുന്നവരെ നോക്കിപ്പറഞ്ഞു. "ഇതു ഭാസ്കരപിള്ളസ്സാറും രാധാകൃ

ഷ്ണനും. നമ്മുടെ കോളജിലെസ്സാറ ന്മാരാ".

ഞാൻ അവരെ തൊഴുതു. അവരും തൊഴുതു. "കേട്ടിട്ടുണ്ട്" - ഭാസ്കരപിള്ളസ്സാർ പറഞ്ഞു.

"പേപ്പർ നോക്കി. ഇല്ലേ?" സാർ കാര്യത്തിലേക്കു കടന്നു.

"ഒരു കെട്ടുനോക്കി സാർ. ഇനി രണ്ടു കെട്ടുണ്ട്." - എന്നു പറഞ്ഞുകൊണ്ട് ഞാൻ എഴുന്നേറ്റ് കെട്ടഴിച്ച് അതിൽനിന്ന് ഒരു പേപ്പർ നിവർത്തിപ്പിടിച്ചുകൊണ്ട് അദ്ദേഹത്തിൻെറ അടുത്തേക്കു ചെന്നു. പേപ്പർ മുന്നിലേക്കു വച്ചിട്ട് അതിലെ ഒരു 'മാർക്ക്' ചൂണ്ടിക്കാണിച്ചു. സാർ കോളാമ്പി എടുത്തു വായ് ഒഴിച്ചു. 'ത്യാഗമെന്നതേ നേട്ടം' - ഉപന്യാസം - എന്ന് പതുക്കെ ഒട്ടു സ്വഗതമായിപ്പറഞ്ഞുകൊണ്ട് ആ ഉത്തരം വായിച്ചുതുടങ്ങി.

സാർ എന്തു പറയുമോ ആവോ! ചെയർമാനു വെട്ടിത്തിരുത്താമല്ലോ!- ഞാൻ ആശ്വസിച്ചു.

ഉത്തരം വായിച്ചുതീർന്നിട്ട് അദ്ദേഹം ഗൗരവത്തിൽ ഒരു നിമിഷം ഇരുന്നു. പിന്നെ എന്നെ നോക്കി ഒന്നു നീട്ടിമൂളുകയും ചെയ്തു. അതിനു പല അർത്ഥങ്ങളും ആവാം. എന്നിട്ടു പറഞ്ഞു.

"ഭാസ്കരപിള്ളസ്സാറേ, ഈ രാമചന്ദ്രൻ പറ്റിച്ചിരിക്കുന്ന പണി കേൾക്കണോ? ആദ്യമായി യൂണിവേഴ്സിറ്റി പേപ്പർ നോക്കുകയാണ്." - ഞാൻ പരിഭ്രമിച്ചു.

സാർ തുടർന്നു: "പ്രീഡിഗ്രി മലയാളം പേപ്പറിൽ ഉപന്യാസത്തിന് പതിനഞ്ചിൽ പതിനാല് മാർക്കു കൊടുത്തിരിക്കുന്നു! ഞാനിപ്പോൾ എന്തു ചെയ്യണം."

അവർ ഒന്നും മിണ്ടാതിരുന്നു. അപ്പോൾ ഞാൻ: "മറ്റു പേപ്പറിലൊക്കെ പന്ത്രണ്ടിലും പതിമൂന്നിലും കൂടുതൽ കൊടുത്തിട്ടില്ല സാർ."

"ആങ്ഹാ! അതു ശരി."

എന്നിട്ട് സാർ ചുകന്ന മഷികൊണ്ട് പതിനാല് വെട്ടി പതിനഞ്ച് ആക്കുകയും അത് എന്നെ കാണിച്ചിട്ട് പേപ്പർ ആ സാറന്മാരുടെ നേർക്കു നീട്ടുകയും ചെയ്തു.

സാർ പറഞ്ഞു: "ത്യാഗമെന്നതേ നേട്ടം എന്ന ഉപന്യാസവിഷയം പ്രീഡിഗ്രി കുട്ടികൾക്ക് ഇത്തിരി കടുപ്പമാ. ഇയാൾ പക്ഷേ, മികച്ച ഒരു ബി.എ. വിദ്യാർത്ഥിയുടെ നിലവാരത്തിലാണ് എഴുതിയിരിക്കുന്നത്. എത്ര ഭേഷായിരിക്കുന്നു! കാണിച്ചതു നന്നായി. പതിനഞ്ചും കൊടുത്തപ്പോൾ മനസ്സിനൊരു സുഖം."

"എനിക്കു വലിയ സന്തോഷമായി സാർ."

"ഇങ്ങനെ തന്നെയായിരിക്കണം അദ്ധ്യാപകന്റെ മനസ്സ്" - സാറിന്റെ വാക്കുകൾ.

എന്റെ അദ്ധ്യാപകജീവിതത്തിലെ മറക്കാനാവാത്ത സംഭവം.

മന്മഥൻസാർ അദ്ധ്യാപകന്റെ മാത്രമല്ല ഭരണാധികാരിയുടെയും ധർമ്മനിഷ്ഠ ഉയർത്തിപ്പിടിച്ചിരുന്നതിന്റെ പല ഉദാഹരണങ്ങൾ അദ്ദേഹത്തിന്റെ പ്രിയശിഷ്യനും ജീവചരിത്രകാരനുമായ ഡോ. പി. സേതുനാഥൻ എന്നോടു പറഞ്ഞിട്ടുള്ളത് ഈ ഭാഗം എഴുതിയപ്പോൾ ഞാൻ ഓർത്തുപോയി.

●

മകൾ ഉഷാകുമാരി ഡിഗ്രിക്ക് ചരിത്രം എടുത്താണ് പഠിച്ചത്. രണ്ടാം വർഷത്തിലെ ഒരു പേപ്പറിന് മാർക്കു തീരെ കുറവായിരുന്നു. വളരെ നല്ല മാർക്കു പ്രതീക്ഷിച്ചിരുന്നതാണ്. പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിച്ചു. നാലുമാസം കഴിഞ്ഞപ്പോൾ നല്ല മാർക്കുതന്നെ കിട്ടുകയും ചെയ്തു. പക്ഷേ, മാർക്കു പോയതു മൂലമുണ്ടായ ദു:ഖത്തിൽ ആ നാലുമാസവും ഏകാഗ്രതയോടെ പഠിക്കാൻ അവൾക്കു കഴിഞ്ഞില്ല. മലയാളം എം.എ.യ്ക്കു ചേരണമെന്നായിരുന്നു മകൾക്ക് ആഗ്രഹം. അതിൽ ഞാൻ സന്തോഷിക്കേണ്ടതാണെങ്കിലും എനിക്കതു തടയേണ്ടിവന്നു. മലയാളത്തിനും ഹിസ്റ്ററിക്കും നല്ല മാർക്കുണ്ട്. "ഹിസ്റ്ററിക്കു ചേർന്നാൽ മതി" -ഞാൻ പറഞ്ഞു. തെറ്റാണെങ്കിലും ഞാൻ അങ്ങനെ നിർബന്ധം പിടിച്ചതിന് ഒരു കാരണമുണ്ട്. ഏതാനും വർഷം മുൻപ് എന്റെ ഒരു ഗുരുനാഥന്റെ മകൻ ഉയർന്ന മാർക്കോടെ മലയാളം എം.എ. ഒന്നാം ക്ലാസ്സിൽ വിജയിച്ചു. അച്ഛൻ സുഹൃത്തുക്കളെയും ശിഷ്യന്മാരെയും കൊണ്ടു മാർക്കു കൂട്ടി ഇടുവിച്ചതാണെന്ന് അസൂയാലുക്കൾ പ്രചരിപ്പിച്ചു. എനിക്കും മലയാളക്കാരായ സുഹൃത്തുക്കളുണ്ടല്ലോ. എന്റെ മകൾ സ്വന്തം കഴിവുകൊണ്ട് എത്ര ഉയർന്ന മാർക്കു നേടിയാലും അതേ അപഖ്യാതി വരാവുന്നതല്ലേ? ഇതായിരുന്നു എന്റെ ചിന്ത. ഏതായാലും മകൾ ചരിത്രത്തിനുതന്നെ ചേർന്നു. നല്ല മാർക്കോടെ എം.എ. ജയിച്ച് കോളേജിൽ അദ്ധ്യാപികയായിത്തീരുംവരെ അന്നത്തെ കുറ്റബോധം എന്നെ വിട്ടൊഴിഞ്ഞിരുന്നില്ല.

മൂല്യനിർണ്ണയത്തിൽ കടുത്ത അശ്രദ്ധ കാണിച്ചിരിക്കുന്നു എന്നു തികച്ചും വ്യക്തമായതിനാൽ, രണ്ടു കാലത്തായി രണ്ട് അദ്ധ്യാപകരെ വിളിച്ച് എന്റെ വീട്ടിലിരുത്തി പുനർമൂല്യനിർണ്ണയം ചെയ്യിക്കേണ്ടിവന്നിട്ടുണ്ട്. അവർ വരുത്തിയ കുഴപ്പം കാര്യമാക്കാതെ വിട്ടിരുന്നെങ്കിൽ എനിക്ക് ആ ബദ്ധപ്പാട് ഒഴിവാക്കാമായിരുന്നു. ആ അദ്ധ്യാപകർ ഉള്ളുകൊണ്ട് എന്റെ ശത്രുക്കളായി എന്നു തീർച്ച. പക്ഷേ, എന്റെ അനുഭവങ്ങളും മന:സാക്ഷിയും ഒരിക്കലും ഒരു അയഞ്ഞ നിലപാടു സ്വീകരിക്കാൻ എന്നെ അനുവദിച്ചിട്ടില്ല. മറക്കാനാവാത്ത പല പരീക്ഷാനുഭവങ്ങൾ മൂലമാണ് എന്തെല്ലാം അസൗകര്യങ്ങൾ ഉണ്ടായിരുന്നാലും 'പരീക്ഷാഡ്യൂട്ടി' ഏറ്റെടുക്കുന്നതിൽനിന്ന് ഒരിക്കൽപ്പോലും ഞാൻ ഒഴിഞ്ഞുമാറാതിരുന്നതും.

●

ഏതു വിഭാഗത്തിലെ അദ്ധ്യാപകരിലുമുണ്ടാവാം ശുപാർശക്കാർ, തീരെച്ചുരുക്കമായെങ്കിലും. മലയാളക്കാരിലും ഇല്ലെന്നു പറഞ്ഞുകൂടാ. ഒരനുഭവം പറയാം. ഞാൻ കോട്ടയം റെയിൽവേ സ്റ്റേഷനിൽ നില്ക്കുകയാണ്. പ്രസിദ്ധനായ ഒരു മലയാളം പ്രൊഫസർ. പെൻഷനായിക്കഴിഞ്ഞു. ശുപാർശക്കാരനാണെന്നു കേട്ടിട്ടുണ്ട്. അദ്ദേഹം അടുത്തേക്കുവന്നു. ചില കുശലപ്രശ്നങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: "എന്റെ രാമചന്ദ്രൻനായരേ, അടുത്ത കാലത്ത് ഒരാൾ എന്നെ ഒന്നു പറ്റിച്ചു. നിങ്ങളുടെ ഒരാളാണ്. പ്രൊഫ. ആനന്ദക്കുട്ടൻ നിങ്ങളുടെ ഗുരുനാഥനല്ലേ?"

"അതേ. എന്താണു സാർ കാര്യം?"

"പണ്ടു കോട്ടയത്തുവച്ചേ ഞങ്ങൾ പരിചയക്കാരാണ്. ഞാൻ ഒരു കുട്ടിയുടെ കാര്യം വീട്ടിൽ ചെന്നു പറഞ്ഞു. നമ്പരും കൊടുത്തു. ഒരു പെൺകുട്ടി. കുട്ടിയും അതിന്റെ ഫാദറും കാറിൽ ഇരിക്കുകയായിരുന്നു. ഒടുവിൽ രണ്ടു പേരെയും വീട്ടിനകത്തേക്കു വിളിച്ചു ഞാൻ കാണിക്കുകയും ചെയ്തു. അവസാനം എന്തായി? അയാൾ ഒന്നും ചെയ്തില്ല. കുട്ടി തോറ്റു. പക്ഷേ, ഞാനാ തരവഴി കാണിക്കുകേല. ചെലവു കഴിച്ചുള്ള പൈസ ഞാനങ്ങു തിരിച്ചു കൊടുത്തു!" ■

തുടരും